## കരിയാട് ന്യൂ മുസ്ലിം എൽപി സ്കൂൾ

ചൊക്ലി ഉപജില്ല, തലശ്ശേരി , കണ്ണൂർ

# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025-26

## ആമുഖം

പൊതുവിദ്യാലയങ്ങളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്താൻ കുട്ടികളുടെ സർവതോമുഖമായ വളർച്ചയെ ലക്ഷ്യം വച്ചുകൊണ്ടാണ് പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം ആരംഭിച്ചിട്ടുള്ളത്. വ്യത്യസ്ത ഘടകങ്ങളെ ആശ്രയിച്ചാണ് സമഗ്രഗുണമേന്മ പദ്ധതി എന്ന പേരിൽ വിദ്യാഭ്യാസ വികസനം സാധ്യമാകുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും, രക്ഷാകർത്താക്കളുടേയും, വിദ്യാഭ്യാസ വികസന സമിതിയുടേയും, പൂർവ്വ വിദ്യാർത്ഥികളുടേയും നാട്ടുകാരുടെയും, അധ്യാപകരുടെയും ഒരുമിച്ചു ചേർന്നുള്ള പ്രവർത്തനമാണ് ഇതിനാവശ്യം. അതിന് ഒരു നിശ്ചിത രൂപരേഖയും, അതിനനുസരിച്ചുള്ള പ്രവർത്തനങ്ങളും ആവശ്യമാണ്. സ്കൂളിൽ അക്കാദമിക തലത്തിൽ നേടേണ്ട ലക്ഷ്യങ്ങൾ കണ്ടെത്തുകയും അതിന്റെ അടിസ്ഥാനത്തിൽ എസ്. ആർ. ജിയിൽ ചർച്ച നടത്തുകയും ചെയ്തു. പിന്നീട് ഓരോ വിഷയത്തിലും നിലവിലുള്ള അവസ്ഥ വിശകലനം ചെയ്ത് പോരായ്മകൾ പരിഹരിക്കാനുള്ള പ്രവർത്തനങ്ങൾ കണ്ടെത്തി. പിന്നീട് പി.ടി.എ എക്സിക്യൂട്ടീവിൽ ചർച്ച ചെയ്ത് മെച്ചപ്പെടുത്തിയ പ്രവർത്തനങ്ങളാണ് ഇതിൽ രേഖപ്പെടുത്തിയിരിക്കുന്നത്.

## അക്കാദമികം

എസ്. ആർ. ജി യോഗങ്ങൾ കൃത്യമായി നടത്തുകയും പഠനപ്രവർത്തനങ്ങളും, പ്രശ്നമേഖലകളും കുട്ടികളിലെ പിന്നോക്കാവസ്ഥയും ഭിന്നശേഷിക്കാരായ കുട്ടികളുടെ പ്രശ്നങ്ങളും ചർച്ചചെയ്ത് അതിനനുസരിച്ച് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടത്തിപ്പോരുകയും ചെയ്യുന്നു. എൽ.എസ്.എസ് പരീക്ഷകൾക്ക് വേണ്ട പരിശീലനം നൽകുകയും, ദിനാചരണങ്ങളുമായി ബന്ധപ്പെടുത്തി പല പ്രവർത്തനങ്ങളും നടത്തി വരുന്നു. ചോദ്യോത്തര പെട്ടി, ക്വിസ് മത്സരം, പഠന പിന്തുണ ക്ലാസുകളും നടത്തി വരുന്നു. എല്ലാ ബുധനാഴ്ചയും ലൈബ്രറി വിതരണം നടത്തുകയും ലൈബ്രറി കുറിപ്പ് തയ്യാറാക്കി അസംബ്ലിയിൽ അവതരിപ്പിക്കാറുമുണ്ട്. ബോധവൽക്കരണ ക്ലാസുകൾ, ശിൽപശാലകൾ, അഭിമുഖം, ഫീൽഡ് ട്രിപ്പ്, പഠനയാത്ര, വാർഷികാഘോഷവും നടത്തിപ്പോരുന്നു.

# മലയാളം

ലക്ഷ്യങ്ങൾ:-

- താഴ്ന്ന ക്ലാസുകളിൽ നിന്നും നേടേണ്ട പഠനനേട്ടങ്ങൾ നേടിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തുന്നു.
- എല്ലാ കുട്ടികളും അർത്ഥപൂർണമായി വായിക്കുകയും എഴുതുകയും ചെയ്യുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നു.
- കുട്ടികൾ അവരുടെ പ്രായഘട്ടത്തിന് അനുയോജ്യമാംവിധം മികച്ച നിലയിൽ ആശയവിനിമയം നടത്തുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നു.
- വിവിധ ഭാഷാവ്യവഹാര രൂപങ്ങൾ തിരിച്ചറിയുന്നു; സ്വന്തമായി പ്രകടിപ്പിക്കുന്നു.
- കുട്ടികളിൽ ഭാഷാഭിരുചി വളർത്തുന്നു.
- ഓരോ ക്ലാസ്സിലും നേടേണ്ട പഠനനേട്ടങ്ങൾ നേടിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തുന്നു.
- ഭാഷാശേഷി വികസനത്തിനായി ഐ.സി.ടി സാധ്യത പ്രയോജനപ്പെടുത്തുന്നു.
- പഠനവേഗത കുറഞ്ഞവർക്ക് സ്കൂൾ സമയത്തിനുശേഷം പ്രവർത്തനങ്ങൾ നടത്തുന്നു.
- സർഗാത്മക ശേഷി വികസിപ്പിക്കുന്നു.
- ഉചിത വ്യവഹാര രൂപങ്ങളിലൂടെ ലേഖന മികവ്.
- വായന പരിപോഷണം.
- സാഹിത്യ പ്രതിഭകളെ അടുത്തറിയാം.
- അഞ്ചാം ക്ലാസ് കഴിഞ്ഞ് പോകുമ്പോഴേക്കും മുഴുവൻ കുട്ടികളെയും തെറ്റില്ലാതെ എഴുതാനും, വായിക്കാനും പ്രാപ്തരാക്കും.

*ഭിന്നനിലവാരക്കാരെ പരിഗണിച്ചുകൊണ്ടുള്ള ഭാഷാപഠനം ആസൂത്രണം ചെയ്യാൻ സാധിക്കുക.

*കുട്ടികളിലെ പഠനവൈകല്യം കണ്ടെത്താൻ കഴിയുന്നു.

*ലഭ്യമായ സാഹിത്യ കൃതികളിലെ സന്ദർഭങ്ങളെ റിസോഴ്സ് തിയേറ്ററിന്റെ ഭാഗമായി അവതരിപ്പിക്കുന്നു.

*ലേഖനശേഷി പരിപോഷിപ്പിക്കാൻ സാഹിത്യകാരൻമാരെ അടുത്തറിയൽ.

*അനുയോജ്യ ഭാഷാഘടകങ്ങൾ ഹൃദിസ്ഥമാക്കുകയും പുതിയ സന്ദർഭങ്ങളിൽ ഉചിതമായി പ്രയോഗിക്കുകയും ചെയ്യും

*ലളിതമായ ആശയങ്ങൾ വ്യക്തതയോടെ എഴുതി ആവിഷ്കരിക്കും (വിവരണം, സംഭാഷണം)

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ക്ലാസ്. | കാലം | ചുമതല. |
|---|---|---|---|---|
| അടിസ്ഥാന ഭാഷാശേഷി വികസനം. | ഭാഷാ കളരി<br>പദ കാർഡ്<br>അക്ഷര കാർഡ്.<br>വാക്യ കാർഡ്.<br>കുട്ടി കൂട്ടങ്ങൾ (കഥ, പാട്ട്)<br>കഥ പറയാം.<br>നോട്ടീസ്, കവിതാലേഖനം, പുസ്തക പരിചയം. | ഒന്നു മുതൽ അഞ്ച് വരെ. | ജൂൺ, ജൂലൈ | ക്ലാസ് ടീച്ചർ.<br>SRG |
| ഉചിതമായ വ്യവഹാര രൂപങ്ങളിലൂടെ ഭാഷാ മികവ്. | രചനാ ക്യാമ്പുകൾ.<br>പതിപ്പുകൾ.<br>കലോത്സവം<br>എഴുത്തുകാരുമായി സംവദിക്കൽ.<br>ബാല പ്രസിദ്ധീകരണങ്ങൾ വായന.<br>വായനാ കൂട്ടം. | മുഴുവൻ ക്ലാസുകൾ. | ഒരു വർഷം. | ക്ലാസ് ടീച്ചർ<br>PTA |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ക്ലാസ് | കാലം | ചുമതല. |
| --- | --- | --- | --- | --- |
| സർഗാത്മകതയെ തട്ടി ഉണർത്തൽ.<br>ഭാവാത്മക വായനയിലേക്ക്, കൈത്താങ്ങുകൾ നൽകൽ. | പാട്ടരങ്ങ്<br>രചനോത്സവം<br>ഡോക്യുമെന്ററി.<br>വിദ്യാരംഗം.<br>ഭാവാത്മക ഡയറി.<br>സംയുക്ത ഡയറി.<br>രചനാശിൽപശാല.<br>കൈയ്യെഴുത്ത് മാസിക. | ഒന്ന് മുതൽ നാല് വരെ.<br>മൂന്നും നാലും<br>ഒന്നും, രണ്ടും | വർഷം | അതത് ക്ലാസ് ടീച്ചർ. |
| വായനാ പരിപോഷണം | ലൈബ്രറി.<br>വായനാക്കളരി.<br>പൊതുസമൂഹവുമായി ബന്ധപ്പെട്ട് പുസ്തക ശേഖരണം.<br>നാട്ടുവായന - പ്രാദേശിക എഴുത്തുകാരുമായുള്ള സംവാദം.<br>ക്ലാസ് ലൈബ്രറി.<br>പുസ്തക വണ്ടി.<br>പ്രതിദിന വായന പാഠം.<br>ഡയറി വായന.<br>അസംബ്ലിയിലെ പത്രവായന, ലൈബ്രറി വായന. | രണ്ട് മുതൽ നാല് വരെ. | മാസത്തിൽ ഒരിക്കൽ. | ടീച്ചർ<br>SRG<br>PTA |
| [illegible] ഭാഷാപരമായ പിന്നാക്ക [illegible] അവസ്ഥ പരിഹരിക്കൽ | മലയാളത്തിളക്കം<br>ക്ലാസ് മുറികളിൽ പ്രത്യേക ക്ലാസ്.<br>ലളിതമായ പ്രവർത്തനങ്ങൾ (ത്വരണ)<br>ചെറു വായനാ കാർഡ് വായന.<br>ചിത്ര രചന.<br>അഭിനയത്തിൽ നിന്ന് ആശയത്തിലേക്ക്.<br>അക്ഷരപ്പാട്ട് | മൂന്ന്, നാല്, അഞ്ച് | ജൂലൈ മുതൽ | ടീച്ചർ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ക്ലാസ് | കാലം | ചുമതല |
|---|---|---|---|---|
| എഴുത്ത് പരിപോഷിപ്പിക്കൽ. | അക്ഷരങ്ങൾ അടിസ്ഥാനമായ വിഭവങ്ങൾ ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ നൽകുക (ICT)<br>ബോർഡെഴുത്ത്.<br>മണലെഴുത്ത്.<br>വായുവിലുള്ളെഴുത്ത്.<br>ചേർത്ത്‌വച്ച് അക്ഷരമാക്കൽ (ഫ്ലിക്കാസ) | ഒന്ന് മുതൽ നാല് വരെ | ജൂൺ മുതൽ. | ടീച്ചർ. |
| സാംസ്കാരിക വികസനത്തിനായി ICT സാധ്യത ഉപയോഗപ്പെടുത്തുന്നു. | നേർക്കാഴ്ചകൾ. [കവിതകളുടെ ആലാപനം, സാഹിത്യകാരന്മാരെ പരിചയപ്പെടൽ ഉത്സവം കണ്ടെത്തൽ, ചിത്രങ്ങൾ, ജീവചരിത്രങ്ങൾ, വിവിധ കലാരൂപങ്ങൾ, സ്മാരകങ്ങൾ, ചരിത്രസ്മാരകങ്ങൾ എന്നിങ്ങനെ പഠന പ്രവർത്തനങ്ങൾക്കനുസരിച്ച്] | ഒന്ന് മുതൽ നാല് വരെ | ജൂൺ - മാർച്ച്. | ടീച്ചർ SRG. |
| സ്വതന്ത്ര്യവായനയ്ക്ക് പ്രാധാന്യം നൽകുന്നു. | ലൈബ്രറി ശാക്തീകരണം.<br>ക്ലാസ് ലൈബ്രറി ഉപയോഗപ്പെടുത്തൽ.<br>പത്രവാർത്ത അവതരണം.<br>വായനക്കൂട്ടം.<br>ലൈബ്രറി കുറിപ്പ് അവതരണം.<br>ബാല പ്രസിദ്ധീകരണങ്ങൾ ലഭ്യമാക്കൽ.<br>അമ്മ വായന.<br>ചെറു ലങ്ങളിലെ ബോർഡ് വായന.<br>കാർഡ് വായിക്കൂ അറിയിക്കൂ.<br>വായനാ ചങ്ങല. | ഒന്നു മുതൽ നാല് വരെ | ജൂലൈ മുതൽ മാർച്ച്. | ക്ലാസ് ടീച്ചർ. |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ക്ലാസ് | കാലം | ചുമതല |
|---|---|---|---|---|
| വിവിധ ഭാഷാ വ്യവഹാര രൂപങ്ങൾ തിരിച്ചറിയുന്നു. സ്വന്തമായി പ്രയോഗിക്കുന്നു. | സംഭാഷണം, നാടകാവിഷ്കാരം, കത്ത്, നോട്ടീസ്, പത്രവാർത്ത, കവിതാലേഖനം, വർണന, ആസ്വാദനക്കുറിപ്പ് എന്നീ വ്യവഹാര രൂപങ്ങളെ പരിചയപ്പെടുന്നു. സ്വന്തമായി തയ്യാറാക്കുന്നു. അവതരിപ്പിക്കുന്നു. | 3, 4, 5 | ജൂലൈ - മാർച്ച് | ഭാഷാധ്യാപകർ |
| കുട്ടികളിൽ ഭാഷാഭിരുചി നടത്തുന്നു | ജീവചരിത്രക്കുറിപ്പ്.<br>ലഘു സംഭാഷണം.<br>കടംകഥ.<br>ക്വിസ് മത്സരം<br>പുസ്തക പരിചയം.<br>നാടകാവിഷ്കാരം.<br>കഥകൾ, കുട്ടിക്കവിതകൾ.<br>അവതരണം, വിജ്ഞാനം | 1 മുതൽ 5 | ജൂൺ - മാർച്ച് | ഭാഷാധ്യാപകർ. |
| ഭിന്നശേഷിക്കാർക്ക് അവരുടെ കഴിവിനനുസരിച്ച് പഠനപ്രവർത്തനം ഒരുക്കുന്നു | പഠനോപകരണ നിർമ്മാണം.<br>ഇഷ്ടപ്പെട്ട വിഷയങ്ങൾ സംഭാഷണം.<br>ചിത്രരചന.<br>വസ്തുവിൽ നിന്ന് ആകാരത്തിലേക്ക് | 3, 4, 5. | ജൂലൈ - മാർച്ച് | ടീച്ചർ. |

# ഗണിതം

## ലക്ഷ്യങ്ങൾ:-

- ഓരോ ക്ലാസ്സിലും നേടേണ്ട ശേഷികൾ നേടിയിട്ടുണ്ടോ എന്ന് ഉറപ്പാക്കുന്നു.
- ഗണിതാഭിരുചി വളർത്തൽ.
- കൃത്യതയോടെയും, സൂക്ഷ്മതയോടെയും കാര്യങ്ങൾ ചെയ്യുന്നതിനും അതിന്റെ പ്രാധാന്യം മനസ്സിലാക്കുന്നതിനും ശേഷി വികസിപ്പിക്കുക.
- പ്രായോഗിക ബുദ്ധി ഉപയോഗിച്ച് പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നതിനും.
- ഓരോ ക്ലാസ്സിനും പഠനം പൂർത്തിയാക്കുന്ന കുട്ടികൾ സ്ഥാനവില മനസ്സിലാക്കുകയും, സംഖ്യാവ്യാഖ്യാനം, ചതുഷ്ക്രിയകൾ എന്നിവ ഉറപ്പിക്കുകയും ചെയ്യുന്നു.
- അളവുകൾ, തൂക്കങ്ങൾ, എന്നിവയുമായി ബന്ധപ്പെട്ട പ്രായോഗിക ധാരണകൾ, പ്രായോഗിക പ്രശ്നങ്ങൾ കൈകാര്യം ചെയ്യുവാനുള്ള ശേഷി കൈവരിക്കൽ.
- ദൈനംദിന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് മറ്റ് വിഷയങ്ങളുടെ പഠനത്തെ സഹായിക്കാവുന്ന ഗണിതശേഷികൾ നേടുന്നതിനും കഴിവു വളർത്തുക.
- മൂർത്ത വസ്തുക്കളുടെ സഹായത്തോടെ നേരിട്ട് ആശയങ്ങൾ വിശദീകരണം, ചിത്രീകരണം, ഗണിത ചിഹ്നങ്ങൾ, ഉപയോഗിച്ചും രേഖപ്പെടുത്തിയും വസ്തുകാര്യങ്ങൾ സ്വന്തമായി വിശദീകരിക്കാനുള്ള അവസരം നൽകൽ.
- ഗണിത പഠനത്തിൽ ICT സാധ്യത പ്രയോജനപ്പെടുത്തൽ.
- അഞ്ചാം ക്ലാസിൽ നിന്നും പോകുന്ന മുഴുവൻ കുട്ടികൾക്കും ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നു.

# ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ക്ലാസ് | കാലം | ചുമതല |
|---|---|---|---|---|
| കുട്ടികൾ മുൻ ക്ലാസിൽ നേടേണ്ട ശേഷികൾ നേടിയിട്ടുണ്ടോ എന്ന് ഉറപ്പുവരുത്തുന്നു. | പ്രീ-ടെസ്റ്റിലൂടെ പിന്നോക്കാവസ്ഥ മനസ്സിലാക്കൽ<br>പോസ്റ്റ് - ടെസ്റ്റ്.<br>സി.പി.ടി.എ. | രണ്ട് മുതൽ അഞ്ച് | ജൂൺ | ഗണിതാധ്യാപകൻ രക്ഷിതാക്കൾ. |
| ഗണിതാഭിരുചി വളർത്തൽ. | ഗണിതകേളി<br>വൈദിക മേളകൾ.<br>പഠനോപകരണ നിർമ്മാണം.<br>കുസൃതിക്കണക്ക്.<br>ഗണിത മാഗസിൻ. | മുഴുവൻ ക്ലാസ് | വർഷം മുഴുവൻ | ഗണിതാധ്യാപകർ. |
| പ്രായോഗിക ബുദ്ധി ഉപയോഗിച്ച് പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു. | മനക്കണക്കുകൾ.<br>നിത്യാനുഭവവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ക്ലാസിൽ നൽകുന്നു. ഉത്തരം കണ്ടെത്തുന്നു.<br>ICT സാധ്യത. | മുഴുവൻ ക്ലാസ് | ജൂൺ മുതൽ | ″ |
| നീളം, ഭാരം, ഉള്ളളവ്, സമയവുമായി ബന്ധപ്പെട്ട പ്രാഥമിക ധാരണകൾ പ്രായോഗിക പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള ശേഷി കൈവരിക്കാൻ. | ഊഹിച്ചു പറയൽ.<br>അളന്നുനോക്കാം കണ്ടെത്താം<br>നിർമ്മിക്കാം കണ്ടെത്താം.<br>കലണ്ടർ നിർമ്മാണം.<br>പതാക നിർമ്മാണം<br>കേക്ക് നിർമ്മാണം | രണ്ട്, മൂന്ന്, നാല്, അഞ്ച്. | ആഗസ്റ്റ് – ജനുവരി | ″ |

# ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ക്ലാസ് | കാലം | ചുമതല |
|---|---|---|---|---|
| കളികളും നിർമ്മാണ പ്രവർത്തനങ്ങളും ഉൾപ്പെടുത്തി ഗണിതം ലളിതമാക്കൽ. | ജ്യാമിതീയ രൂപങ്ങളുടെ നിർമ്മാണം (ഏകദിന ക്യാമ്പ്)<br>ഗണിതക്യാമ്പ് - ഗണിത പ്രവർത്തനങ്ങൾ കളിയിലൂടെ. | ഒന്ന് മുതൽ അഞ്ച് വരെ. | ജൂൺ മുതൽ | ക്ലാസ് ടീച്ചർ<br>H.M. |
| ഗണിത ചിന്താശേഷി വളർത്തൽ | കുസൃതി കണക്കുകൾ നൽകൽ.<br>ഗണിത പസിലുകൾ പരിചയപ്പെടുത്തൽ. | മൂന്ന്, നാല്, അഞ്ച്. | മാസത്തിൽ ഒന്ന്. | ക്ലാസ് ടീച്ചർ |
| ജ്യാമിതീയ സൗന്ദര്യം തിരിച്ചറിയൽ. | ഒറിഗാമി ശില്പശാല.<br>രസകരമായ നിർമ്മാണ പ്രവർത്തനങ്ങൾ<br>ടാൻഗ്രാം രൂപങ്ങൾ നിർമ്മിക്കൽ. | ഒന്നൊഴികെ. | ഒക്ടോബർ | ക്ലാസ് ടീച്ചർ. |
| ഗണിത പഠനം രസകരമാക്കൽ (ചതുഷ്ക്രിയകൾ ലളിതമാക്കൽ) | കോണിയും പാമ്പും കളി.<br>ഡയസ് കളി<br>കച്ചവടക്കളി | എല്ലാ ക്ലാസ്സും. | വർഷം മുഴുവൻ. | SRG<br>ക്ലാസ് ടീച്ചർ. |
| ഗണിതലാബ് ഗണിത പഠന പ്രവർത്തനം സുതാര്യമാക്കൽ. | ഗണിതലാബ് ഒരുക്കൽ.<br>ഗണിത ഉപകരണങ്ങളുടെ പേര് പഠിക്കൽ; അവ ഉപയോഗിക്കുന്ന ഘട്ടങ്ങൾ മറ്റുള്ളവർക്ക് പറഞ്ഞുകൊടുക്കൽ. | മൂന്ന്, നാല്, അഞ്ച്. | വർഷം മുഴുവൻ. | HM, SRG.<br>ക്ലാസ് ടീച്ചർ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ക്ലാസ് | കാലം | ചുമതല. |
| --- | --- | --- | --- | --- |
| ഗണിത ആശയങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ | ഗണിതച്ചുമർ.<br>വിവിധ തരം ജ്യാമിതീയ രൂപങ്ങളുടെ നിർമ്മാണം (ദാര, ചാർട്ട്, ക്ലിപ്പ്) | മുഴുവൻ ക്ലാസ് | വർഷം | ക്ലാസ് ടീച്ചർ. |
| പഠനോപകരണങ്ങളിലൂടെ ഗണിത പഠനം രസകരമാക്കാൻ. | ഗണിത പഠനോപകരണ ശില്പശാല.<br>റിസോഴ്സ് പേഴ്സന്റെ ഉപയോഗം. | മൂന്ന്, നാല്, അഞ്ച്. | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ. |
| ഗണിത ശേഷികളുടെ പ്രകടനം.. | പ്രദർശനം<br>ഗണിതമേള. | | | |
| ഗണിത പഠനത്തിന് സഹായകമായ തരത്തിൽ വസ്തുക്കൾ ശേഖരിക്കാൻ. | ഗണിത കിറ്റ് തയ്യാറാക്കൽ.<br>ഗണിത മൂല ഒരുക്കൽ. | | | |
| ഗണിത ശേഷികളുടെ പ്രകടനം | ഗണിതമേള<br>പ്രശ്നോത്തരി<br>പസിൽ.<br>പാറ്റേൺ.<br>പഠന ഉൽപന്നങ്ങളുടെ പ്രദർശനം. | എല്ലാ ക്ലാസുകളും. | വർഷത്തിലൊരിക്കൽ | SRG<br>PTA<br>ടീച്ചർ. |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ക്ലാസ് | കാലം | ചുമതല |
|---|---|---|---|---|
| മറ്റ് വിഷയങ്ങളുടെ പഠനത്തെ സഹായിക്കാവുന്ന ഗണിത ശേഷികൾ നേടുന്നതിനും കഴിവ് വളർത്തുക. | ഗണിതപാട്ട്, കഥ.<br>ശേഖരണം.<br>അവതരണം.<br>സ്കൂളിലെ ഒരു സ്റ്റോർ<br>ഗണിതം ലളിതം, ശിൽപശാല, പ്രദർശനങ്ങൾ. | 3,4,5 | ഓഗസ്റ്റ് - ഫെബ്രുവരി. | ഗണിതാധ്യാപകർ. |
| ഗണിത പ്രവർത്തനങ്ങൾ ഉത്സാഹത്തോടെയും, സൂക്ഷ്മതയോടെയും ചെയ്യുന്നതിനും ഗണിതത്തിന്റെ പ്രാധാന്യം മനസ്സിലാക്കുന്നതിനും ശേഷി വികസിപ്പിക്കുന്നു. | ഗണിത പാഠങ്ങൾ കണ്ടെത്തൽ.<br>വൃത്തങ്ങൾ ജ്യാമിതീയ പാറ്റേൺ നിർമ്മാണം.<br>-ജ്യാമിതീയ ചാർട്ട് വരയ്ക്കൽ.<br>-പഠനോപകരണ നിർമ്മാണം.<br>(അളവ്, ഭാരം, സമയം എന്നിവയ്ക്കാവശ്യമായവ) | 3,4,5 | അതതു കാലയളവിൽ | .. |

# അറബിക്ക്

ലക്ഷ്യങ്ങൾ :-

- അറബിഭാഷ പഠനനേട്ടങ്ങൾ എല്ലാകുട്ടികളും ആർജ്ജിക്കുക
- തെറ്റ് കൂടാതെ വായിക്കാനുള്ള കഴിവ് നേടുക
- അറബി അക്ഷരങ്ങളുടെ ഉച്ചാരണം, എഴുത്ത്‌രീതി എന്നിവ മനസ്സിലാക്കി വായിക്കാനും, എഴുതാനുമുള്ള കഴിവ് നേടുക
- ചിഹ്നങ്ങൾ തിരിച്ചറിഞ്ഞ വായന, പദനിർമ്മാണം, പദശേഖരണം
- ഉപചാരവാക്കുകൾ മനസ്സിലാക്കുന്നു, പറയുന്നു
- കഥ, കവിത എന്നിവ കേട്ട് ആസ്വദിക്കുന്നു.

| ക്രമ നമ്പർ | പശ്ചാത്തല പഠനപ്രശ്നം | ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് ക്ലാസ്/വിഭാഗം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|---|
| 1 | തെറ്റുകൂടാതെ വായിക്കാൻ പ്രയാസം | തെറ്റുകൂടാതെ വായിക്കാൻ കുട്ടികളെ പ്രാപ്തരാക്കുന്നു. | I to V | അക്ഷരവായന<br>ക്ലാസ് വായന<br>ലൈബ്രറി വായന<br>ചിത്രവായന<br>മാഗസിൻ വായന<br>കഥാവായന<br>വായനമത്സരങ്ങൾ<br>മോണിറ്ററിംഗ്<br>ഇ. വായന | ജൂൺ ജൂലൈ<br>നവംബർ ഡിസംബർ<br>ജൂൺ/ മാർച്ച് | അതാതു അധ്യാപകർ | 100% |
| 2, | തെറ്റില്ലാതെ എഴുതാനുള്ള പ്രയാസം | മുഴുവൻ കുട്ടികളെയും എഴുതാൻ പ്രാപ്തരാക്കുന്നു. | I to V | പദക്കളി, പദസൂര്യൻ, പദപയറ്റ്, വാക്യമരം, മാഗസിൻ, നോക്കിയെഴുത്ത്, വർക്ക്ഷീറ്റ് | ജൂൺ - മാർച്ച് | " | 100/- |

| ക്രമ നമ്പർ | പരിഹരിക്കേണ്ട പ്രശ്നങ്ങൾ | ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് ക്ലാസ് | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|---|
| 3. | | അറബിഭാഷ സംസാരിക്കാനുള്ള ആത്മവിശ്വാസമുണ്ടാക്കുന്നു. | I to IV | ഇ-ടെക്സ്റ്റ് ഉപയോഗിച്ച് അറബിയിലുള്ള സംഭാഷണങ്ങൾ കേൾപ്പിക്കുന്നു. ലാംഗ്വേജ് ഗെയിംസ് | ജൂലൈ മാർച്ച് | അറബിക് ടീച്ചർ | 1000/- |
| | | | | [illegible] ക്ലാസ് സംഭാഷണം കാർട്ടൂൺ പ്രദർശനം | ആഗസ്ത് ഫെബ്രുവരി | " | 1000/- |
| | | | | പദസമ്പത്ത് വർദ്ധിപ്പിക്കൽ | | " | |
| 4 | പൊതുവായ അറിവുകളുടെ അപര്യാപ്തത | പൊതുവിജ്ഞാനപരമായ അറിവുകൾ | III - V | ക്വിസ് മത്സരം നടത്തുന്നു. | മാസത്തിൽ | " | 500/- |
| 5, | ഭാഷവ്യവഹാരങ്ങൾ പ്രയോഗിക്കാൻ പ്രയാസം | വിവിധഭാഷ വ്യവഹാര രൂപങ്ങളുപയോഗിക്കാൻ പ്രാപ്തരാക്കുന്നു | I - V | സംഭാഷണം, കഥ കവിത, ഡയറി, പ്രസംഗം വിവരണം | ജൂൺ മാർച്ച് | അറബിക് ടീച്ചർ | 1000/- |

# ശാസ്ത്രം

ലക്ഷ്യങ്ങൾ:-

- ശാസ്ത്ര വിഷയങ്ങളിലെ ധാരണ ദൃഢമാക്കാൻ.
- കുട്ടികളിലെ ശാസ്ത്രാഭിരുചി വളർത്താൻ
- നിരീക്ഷണം, താരതമ്യം, ചെയ്യൽ, വർഗ്ഗീകരണം തുടങ്ങിയ ശാസ്ത്രാവബോധം ഉളവാക്കൽ.
- ശാസ്ത്രബോധം വളർത്താൻ
- ശാസ്ത്ര വിഷയങ്ങളിൽ അറിവ് വർധിപ്പിക്കാൻ.
- ശാസ്ത്ര അറിവുകൾ നിത്യജീവിതത്തിൽ പ്രയോഗമാക്കാൻ
- ഇന്ന് പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ.
- ശാസ്ത്ര പുസ്തകങ്ങൾ, ശാസ്ത്രജ്ഞന്മാരുടെ ജീവചരിത്രങ്ങൾ എന്നിവയുടെ വായനയും പ്രചരണവും.
- പരിസ്ഥിതിബോധം വളർത്താൻ.
- സ്കൂൾ പരിസര അറിവ് നിർമ്മാണത്തിന് ഉതകുന്ന വിധത്തിൽ മാറ്റിയെടുക്കൽ.
- ICT സാധ്യത പ്രയോജനപ്പെടുത്താൻ

## പരിസര പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ക്ലാസ് | കാലം | ചുമതല |
|---|---|---|---|---|
| ആഹാര ശീലങ്ങളും, ഭക്ഷണ വസ്തുക്കളും ഘടകങ്ങളും കുറിച്ചറിവ് | ഭക്ഷ്യമേള<br>പാചകക്കുറിപ്പ്<br>രുചി അറിയാം<br>ആഹാര വിശകലനം | മുഴുവൻ ക്ലാസും | ജൂൺ, ജൂലൈ ആഗസ്റ്റ് | ക്ലാസ് ടീച്ചർ SRG |
| പ്രകൃതി അറിയുന്നതിനും ആസ്വദിക്കുന്നതിനും | പുഷ്പോദ്യാനം ഒരുക്കൽ,<br>ഔഷധത്തോട്ടം നിർമിക്കൽ,<br>ഫീൽഡ് ട്രിപ്പ് (പ്രകൃതിയെ അറിയാൻ)<br>അഭിമുഖം | മുഴുവൻ ക്ലാസും | ഡിസംബർ ജനുവരി | SRG ക്ലാസ് ടീച്ചർ |
| ശുചിത്വബോധമുള്ള വ്യക്തിത്വവും സമൂഹവും സൃഷ്ടിക്കുന്നതിന് | ശുചിത്വ സേന (ക്ലാസ് മുറിയിൽ)<br>ശുചിത്വ സർവ്വേ<br>ക്ലിപ്പുകൾ<br>പോസ്റ്റർ രചനാ മത്സരം<br>അവതരണങ്ങൾ<br>ക്വിസ് | മുഴുവൻ ക്ലാസും | ജൂൺ, ജൂലൈ | ക്ലാസ് ടീച്ചർ SRG |
| പ്രകൃതിയെ അറിയാൻ | പ്രകൃതി നടത്തം<br>ഡോക്യുമെന്ററി<br>കാഴ്ച ബംഗ്ലാവിലേക്ക് | മുഴുവൻ ക്ലാസും | സെപ്തംബർ ഡിസംബർ | ടീച്ചേഴ്സ് SRG |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ക്ലാസ് | കാലം | ചുമതല |
|---|---|---|---|---|
| നാടറിയാൻ - നാട്ടറിവുകൾ. | കർഷകരുമായി അഭിമുഖം.<br>കൃഷിയിടത്തിലേക്ക്.<br>കുട്ടി കർഷകർ ആകാം.<br>വിത്തിനങ്ങൾ ശേഖരിക്കാം. | ഒന്ന്, മൂന്ന്, നാല് അഞ്ച് | ജനുവരി | SRG<br>നാട്ടുകാർ<br>ടീച്ചർ |
| ശാസ്ത്രബോധം വളർത്തുക. | കണ്ടെത്താം അറിയാം.<br>ലഘു പരീക്ഷണങ്ങൾ.<br>കണ്ടെത്തുന്നു.<br>കുറിപ്പ് തയ്യാറാക്കൽ.<br>ICT. (ശാസ്ത്രജ്ഞന്മാരെ പരിചയപ്പെടൽ) | മൂന്ന്, നാല് അഞ്ച് | ജൂൺ, ജൂലൈ ആഗസ്റ്റ് | ക്ലാസ് ടീച്ചർ. |
| പ്രകൃതി വിഭവസംരക്ഷണം. | ജൈവ - വൈവിധ്യ പാർക്ക് തയ്യാറാക്കൽ.<br>മഴക്കുഴി നിർമ്മാണം.<br>ജലസ്രോതസ്സുകൾ കാണാം (ഫീൽഡ് ട്രിപ്പ്)<br>പോസ്റ്റർ<br>മഴ കൊയ്ത്ത്. | മൂന്ന്, നാല്, അഞ്ച് | ജൂൺ, ജൂലൈ സെപ്തംബർ. | SRG<br>ക്ലാസ് ടീച്ചർ. |
| ശാസ്ത്ര പരീക്ഷണങ്ങളിൽ താൽപര്യം ജനിപ്പിക്കൽ | ശാസ്ത്ര പ്രതിഭകളെ അടുത്തറിയാം.<br>പരീക്ഷണം വീട്ടിൽ വച്ചും.<br>ശാസ്ത്ര മാസികകൾ.<br>കുറിപ്പ് തയ്യാറാക്കാം<br>പരീക്ഷണ സാമഗ്രികളെ അടുത്തറിയാം. | | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ക്ലാസ് | കാലം | ചുമതല. |
|---|---|---|---|---|
| പരീക്ഷണം - അറിവു നിർമ്മാണം | പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ.<br>പ്രോജക്ട് നടത്താം. | മൂന്ന്, നാല്, അഞ്ച് | ആവശ്യാനുസരണം. | HM, CPTA. |
| ശാസ്ത്ര പഠനം ലളിതവും രസകരവുമാക്കൽ | ശാസ്ത്ര മേള, വാർത്തകൾ, ചിത്ര പ്രദർശനം.<br>സാമഗ്രികൾ ഒരുക്കൽ.<br>പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ. | ഒന്ന്, മൂന്ന്, നാല് അഞ്ച് | വർഷം മുഴുവൻ | PTA, SSA |
| ശാസ്ത്ര പഠനത്തിൽ താൽപര്യം ജനിപ്പിക്കൽ, അന്വേഷണാത്മകത വളർത്തൽ. | സയൻസ് പാർക്ക്.<br>വാനനിരീക്ഷണം.<br>ഫോക്‌ലോർ അക്കാദമി സന്ദർശനം. | മൂന്ന്, നാല്, അഞ്ച് | വർഷം മുഴുവൻ | PTA, ടീച്ചർ. |
| ഭൂപടങ്ങൾ, ഗ്ലോബ്, ഭൂപട വായന സൂചിക, പരിചയപ്പെടൽ. | ഭൂപടമൊരുക്കാം.<br>ഭൂപട വായന.<br>ഭൂപട രചന. | നാല്, അഞ്ച് | വർഷത്തിലൊന്ന് | SRG, ടീച്ചർ. |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം. | പതിപ്പ്.<br>ചാർട്ട്, ആൽബം,<br>പഠനോപകരണ, പരീക്ഷണ പ്രദർശനം.<br>ശാസ്ത്ര മാസിക നിർമ്മാണം. | മൂന്ന്, നാല്, അഞ്ച് | വർഷത്തിലൊന്ന് | SRG, HM. ടീച്ചർ. |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ക്ലാസ് | കാലം | ചുമതല. |
|---|---|---|---|---|
| ശാസ്ത്ര വിഷയങ്ങളിലെ മുൻ ധാരണ പുതുക്കൽ. | മുൻ ധാരണ കണ്ടെത്താനുള്ള പ്രീടെസ്റ്റ് നടത്തി മൂല്യനിർണ്ണയം നടത്തുന്നു. പരിഹാരബോധനം, പോസ്റ്റ് ടെസ്റ്റ്. പിന്നോക്കം നിൽക്കുന്നവർക്ക് തുടർ പ്രവർത്തനങ്ങൾ. | 2 – 5 വരെ | ജൂൺ രണ്ട് വാരം. | ശാസ്ത്രാധ്യാപകർ. |
| അന്വേഷണ ത്വര വികാസം | പ്രൊജക്ടുകൾ. അഭിമുഖം - മേശ പറച്ചൽ. ICT ഉപയോഗപ്പെടുത്തൽ. സർവ്വേ. | 3, 4, 5. | അതത് പാഠ പ്രവർത്തന ഘട്ടത്തിൽ | " |
| ശാസ്ത്രീയമായ അറിവുകൾ നിത്യജീവിതത്തിൽ പ്രയോഗിക്കൽ | ശുചിത്വ, ആരോഗ്യ പരിപാലനം. ബോധവത്കരണ ക്ലാസ്. മെഡിക്കൽ ക്യാമ്പ്, വാനനിരീക്ഷണം | 3, 4, 5 | " | " |
| ശാസ്ത്ര പ്രവർത്തനം മെച്ചപ്പെടുത്തൽ. | ദിനാചരണങ്ങൾ, ശാസ്ത്ര ലേഖനം തയ്യാറാക്കൽ ഗതി സംഘടിപ്പിക്കൽ. | ജൂൺ മുതൽ | ജൂലൈ മുതൽ | ശാസ്ത്രാധ്യാപകർ, PTA |

# ഹിന്ദി

ലക്ഷ്യങ്ങൾ:—

- സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും [അഞ്ചാം തരം] ഹിന്ദി അക്ഷരങ്ങൾ അക്ഷരവടിവോടെയും, ഫലപ്രദമായും എഴുതാനും, വായിക്കാനും, സംസാരിക്കാനുമുള്ള കഴിവ് വളർത്തിയെടുക്കുക.
- ഓരോ യൂണിറ്റിലും ലഭിക്കേണ്ട പഠനനേട്ടങ്ങൾ എല്ലാ കുട്ടികളും നേടി എന്ന് ഉറപ്പാക്കുക.
- ഹിന്ദി ഭാഷാപഠനം ലളിതവും, രസകരവും, ആകർഷകവും ആക്കി മാറ്റുവാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.
- ഭിന്നശേഷി കുട്ടികൾക്ക് അനുയോജ്യമായ പഠനപ്രവർത്തനങ്ങൾ നൽകി മികവ് നേടാൻ പ്രാപ്തരാക്കുക.
- പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിഗണന നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുക.
- പദസമ്പത്ത് വർദ്ധിപ്പിക്കാനുള്ള പദ്ധതികൾ നടപ്പിലാക്കുക.
- ഭാഷയുടെ വിവിധ വ്യവഹാര രൂപങ്ങൾ പരിചയപ്പെടുത്തുക.
- ICT സാധ്യത പ്രയോജനപ്പെടുത്തുക.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ. | ക്ലാസ് | കാലം | ചുമതല |
|---|---|---|---|---|
| മുഴുവൻ കുട്ടികളെയും എഴുതാനും, വായിക്കാനും പ്രാപ്തരാക്കുക. | അക്ഷരങ്ങൾ കണ്ടെത്താം.<br>പദങ്ങൾ നിർമ്മിക്കാം.<br>വാക്യങ്ങൾ നിർമ്മിക്കാം.<br>പദ നൃത്തം.<br>പദ ചങ്ങല.<br>ചിത്ര വായന.<br>വിട്ടഭാഗം പൂരിപ്പിക്കുക.<br>നാവുകളെടുത്ത് വായിക്കാം.<br>വായനകാർഡ്.<br>കോപ്പി എഴുത്ത്. | 5 | ജൂൺ മുതൽ | ഹിന്ദി അധ്യാപിക |
| ഭാഷയുടെ വിവിധ വ്യവഹാരങ്ങ രൂപങ്ങൾ പരിചയപ്പെടുത്തുന്നു | പഠന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് സംഭാഷണം, കഥ, കവിത, ഡയറി, പോസ്റ്റർ എന്നിവയുടെ നിർമ്മാണം, അവതരണം, പതിപ്പുകൾ തയ്യാറാക്കൽ. | 5 | നവംബർ - ഡിസംബർ | " |
| ഹിന്ദി ഭാഷാ പഠനം ലളിതവും രസകരവും, ആകർഷകവും ആക്കി മാറ്റുവാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക. | കാർഡ് നിർമ്മാണം.<br>അക്ഷരക്കളി<br>അക്ഷരമരം. | 5 | ജൂലൈ മുതൽ | " |
| ICT സാധ്യത പ്രയോജനപ്പെടുത്തുന്നു. | കവിതാസ്വാദനം, ചിത്ര വായന, സംഭാഷണങ്ങൾ തുടങ്ങിയ പഠന പ്രവർത്തനങ്ങൾ ICT കൂടെ സാധ്യമാക്കുന്നു. | | | |
| | | | | |

# സാമൂഹ്യശാസ്ത്രം

ലക്ഷ്യങ്ങൾ :-

- സാമൂഹ്യബോധം വളർത്തുക
- സാമൂഹ്യസംവിധാനങ്ങൾ പ്രകടമാക്കുക
- ചരിത്രം, ഭൂമിശാസ്ത്ര അവബോധം
- ഇന്ത്യയെക്കുറിച്ച് അറിവ് നേടൽ
- ഭൂപടം, ഗ്ലോബ് പരിചയപ്പെടൽ
- പ്രപഞ്ചത്തെക്കുറിച്ച് മനസ്സിലാക്കൽ
- സാമൂഹ്യശാസ്ത്രരുചി നേടൽ
- ഭക്ഷ്യമേള പ്രചാരണം ചെയ്യുക, ഭക്ഷ്യമേളയുടെ പ്രത്യേകതകൾ പ്രതിപാദിക്കുക.

| ക്രമ നമ്പർ | പഠ്യതലം പഠനപ്രശ്നം | ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് ക്ലാസ്/വിഭാഗം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|---|
| | | സാമൂഹ്യ ബോധമുള്ളവരാക്കുക | V | ദിനാചരണം<br>പോസ്റ്റർ നിർമ്മാണം<br>റാലി<br>ദേശഭക്തിഗാനം<br>ലഘുപ്രഭാഷണം<br>ICT ഉപയോഗിച്ച് മഹാന്മാരുടെ പ്രഭാഷണം | ജൂൺ - ആഗസ്റ്റ് | സാമൂഹ്യശാസ്ത്ര അധ്യാപിക | 500/- |
| 2, | സാമൂഹ്യശാസ്ത്ര അഭിരുചി ഇല്ലായ്മ | സാമൂഹ്യശാസ്ത്ര | IV V | ക്വിസ് മത്സരങ്ങൾ<br>ശില്പശാലകൾ<br>അഭിമുഖം<br>Field tripകൾ<br>പഠനയാത്രകൾ<br>ചുമർപത്രിക, മാഗസിൻ നിർമ്മാണം, മേളകളിൽ പങ്കെടുക്കൽ<br>സർവ്വേ, ആൽബം നിർമ്മാണം<br>വീഡിയോ ഡോക്യുമെന്ററികൾ തയ്യാറാക്കൽ | ജൂൺ ആഗസ്റ്റ് | " | 3000/- |
| 3, | | സാമൂഹ്യശാസ്ത്രം സാമൂഹ്യമുന്നേറ്റത്തിന് പ്രയോജനപ്പെടുത്തുക | | | | | |

| | പശ്ചാത്തലം പഠനപ്രശ്നം | ലക്ഷ്യം | ടാർഗറ്റ് ഗ്രൂപ്പ് ക്ലാസ്സ് / വിഷയം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|---|
| | | | | മഹാന്മാർ കാലഘട്ടം ജീവചരിത്രം എന്നിവ മനസ്സിലാക്കൽ | പഠനപ്രവർത്തനങ്ങൾ അനുസരിച്ച് | സാമൂഹ്യശാസ്ത്ര അധ്യാപിക | 1000/- |
| 4 | | ചരിത്രം, ഭൂമിശാസ്ത്രം അവബോധം വളർത്തൽ | IV - V | ചരിത്രസ്ഥലങ്ങൾ സ്മാരക സന്ദർശനം കൃഷി - മേഖലകൾ മനസ്സിലാക്കൽ പ്രവർത്തനം മനസ്സിലാക്കൽ, ICT സാധ്യത പ്രയോജനപ്പെടുത്തൽ | ജൂൺ മാർച്ച് | " | 2000/- |
| 5 | | ഇന്ത്യയെക്കുറിച്ച് അറിവ് നേടൽ | IV - V | ഗ്ലോബ് മനസ്സിലാക്കൽ ഭൂപടങ്ങൾ മനസ്സിലാക്കൽ നിർമ്മാണം ICT സാധ്യത പ്രയോജനപ്പെടുത്തൽ | ജൂൺ മാർച്ച് | " | 2000/- |

| പശ്ചാത്തലം പഠനമേഖല | ലക്ഷ്യം | ടാർഗറ്റ് ഗ്രൂപ്പ് ക്ലാസ്/വിഭാഗം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| | ഭക്ഷ്യമേള പ്രചാരണം ചെയ്യുക | IV - V | കുട്ടികളുടെ വീടുകളിൽ നിന്നും ഭക്ഷണം തയ്യാറാക്കികൊണ്ടുവരുന്നു. പ്രദർശനം | ജൂൺ | സാമൂഹ്യ ശാസ്ത്രാധ്യാപിക | |
| | സാങ്കേതിക വിദ്യയുടെ വിവിധ ദുരുപയോഗങ്ങളെക്കുറിച്ചും പ്രവർത്തനങ്ങളെക്കുറിച്ചും ബോധവാന്മാരാക്കുക | I to V | സൈബർ സുരക്ഷ തരംഗ ക്ലാസ് ബോധവത്കരണ ക്ലാസ് | ആഗസ്റ്റ് | 〃 | |
| | വിദ്യാർത്ഥി ജനാധിപത്യബോധം വളർത്തൽ | IV to V | ഗ്രാമസഭയിൽ പങ്കെടുക്കാൻ അവസരം നൽകുന്നു. പരിസ്ഥിതി പ്രശ്നങ്ങൾക്ക് കാരണമാകുന്ന മനുഷ്യന്റെ ഇടപെടലുകൾ സെമിനാർ, കുറിപ്പ് തയ്യാറാക്കൽ | ഒക്ടോബർ അക്കാദമിക വർഷം | 〃 | |

## ആരോഗ്യകലാകായിക പ്രവൃത്തി പരിചയം

ലക്ഷ്യങ്ങൾ :-

=> കുട്ടികളിൽ അവരുടെ കഴിവുകൾ കണ്ടെത്തി പരിപോഷിപ്പിക്കുക.

=> കായികക്ഷമത വർദ്ധിപ്പിക്കാൻ വേണ്ടിയുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കും.

=> കലാകായിക പ്രവൃത്തി പരിചയ മേളകൾ സ്കൂൾ തലത്തിൽ സംഘടിപ്പിക്കും.

=> ആരോഗ്യം, ശുചിത്വം എന്നിവയുടെ സംരക്ഷണത്തെക്കുറിച്ച് ബോധവാന്മാരാക്കും.

# ആരോഗ്യകലാകായിക പ്രവൃത്തി പരിചയം

| ക്രമ നമ്പർ | പശ്ചാത്തല പ്രശ്നം | ലക്ഷ്യം | ടാർഗറ്റ് ഗ്രൂപ്പ് ക്ലാസ്സ് | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- | --- | --- | --- |
| 1 | സ്വന്തം കഴിവുകൾ പരിപോഷിപ്പിക്കുന്നതിനുള്ള അവസരക്കുറവ് | കുട്ടികളിൽ അവരവരുടെ കഴിവുകൾ കണ്ടെത്തി പരിപോഷിപ്പിക്കുക | I to V | പ്രവൃത്തിപരിചയ ശില്പശാലകൾ<br>Paper ബാഗ് നിർമ്മാണം<br>കളിമണ്ണ് കൊണ്ടുള്ള വിവിധരൂപങ്ങൾ നിർമ്മാണ പരിശീലനം<br>പാഴ്‌വസ്തുക്കളിൽ നിന്ന് വിവിധ വസ്തുക്കളുടെ നിർമ്മാണം. | ജൂലായ്<br>പഠനപ്രവർത്തനങ്ങളോടൊപ്പം ജൂൺ മാർച്ച്<br>— | ധന്യ ടീച്ചർ<br>ജിൻസി ടീച്ചർ<br>ദിവ്യ ടീച്ചർ | 2000/-<br>1000/-<br>500/- |
| 2 | | സ്കൂൾതല മേളകൾ സംഘടിപ്പിക്കുക | | കുട്ടികളുടെ ഉൽപന്നങ്ങൾ പ്രയോജനപ്പെടുത്തി സ്കൂൾതല മേളകൾ നടത്തുന്നു. | നവംബർ | ധന്യ ടീച്ചർ | 1000/- |

| ക്രമ നമ്പർ | പശ്ചാത്തലം പ്രശ്നം | ലക്ഷ്യം | ടാർഗറ്റ് ഗ്രൂപ്പ് ക്ലാസുകൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|---|
| 3. | കായികക്ഷമത കുറഞ്ഞുവരുന്നു | കായികക്ഷമത വർധിപ്പിക്കാൻ വേണ്ടിയുള്ള പ്രവർത്തനങ്ങൾ നൽകുന്നു | I to V | വ്യായാമങ്ങൾ, വിവിധ കളിയുപകരണങ്ങൾ ഉപയോഗിച്ച് കളികളിൽ ഏർപ്പെടുന്നു. കരാട്ടെ പരിശീലനം കായികമേളകൾ സ്കൂൾതലം | ജൂൺ മാർച്ച് | മുഹമ്മദ് മാസ്റ്റർ | 10000/- |
| 4. | ആരോഗ്യം ശുചിത്വം സംരക്ഷണമില്ലായ്മ | ആരോഗ്യം ശുചിത്വം എന്നിവയുടെ സംരക്ഷണത്തെക്കുറിച്ച് ബോധവാന്മാരാക്കുക | I to V | പോഷകാഹാരവിതരണം. ബോധവത്കരണക്ലാസുകൾ (ശുചിത്വം, മഴക്കാലരോഗങ്ങൾ, പകർച്ചവ്യാധികൾ പോഷകാഹാരം, പ്രഥമശുശ്രൂഷ) ശുചിത്വക്ലബ്ബ് രൂപീകരണം വ്യക്തിശുചിത്വം - സ്കൂൾ ശുചിത്വം വിവിധതരം കളികളിൽ ഏർപ്പെടൽ | ജൂൺ മാർച്ച്<br>ജൂൺ മാർച്ച്<br>ജൂൺ മാർച്ച് | | |

# ഭിന്നശേഷി — വികാസം

ലക്ഷ്യങ്ങൾ :- ഭിന്നശേഷിക്കാരായ കുട്ടികളുടെ ശാരീരികവും മാനസികവുമായ പ്രശ്നങ്ങൾ കണ്ടെത്തി നിരന്തര വിലയിരുത്തുന്നതിനും പരിഹരിക്കുന്നതിനും.

- കുട്ടികളുടെ പഠനം ഫലപ്രദമാകുന്ന തരത്തിലുള്ള പഠനോപകരണ നിർമ്മാണം
- കുട്ടികളുടെ മാനസികവും ശാരീരികവും അക്കാദമികവുമായ കഴിവുകൾ വികസിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും അവസരമൊരുക്കി അംഗീകാരം നൽകുന്നതിന്
- ലഘുവായ പാഠഭാഗങ്ങൾ ഉൾപ്പെടുത്തി വായന, ലേഖനം സംഖ്യാബോധം എന്നിവയിലെത്തിക്കാൻ
- പ്രത്യേക പരിഗണന നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യൽ.

# ഭിന്നശേഷി

| ക്രമ നമ്പർ | പ്രശ്നങ്ങൾ പ്രവർത്തനം | ലക്ഷ്യം | ക്ലാസ് വിഭാഗം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|---|
| 1 | | ഭിന്നശേഷിക്കാരായ കുട്ടികളുടെ ശാരീരികവും മാനസികവുമായ പ്രശ്നങ്ങൾ കണ്ടെത്തി അവ വിലയിരുത്തുന്നതിനും പരിഹരിക്കുന്നതിനും | I to V | ഭിന്നശേഷിക്കാരായ കുട്ടികളെ കണ്ടെത്തൽ<br>മെഡിക്കൽക്യാമ്പുകളിൽ പങ്കെടുപ്പിക്കൽ.<br>പ്രശ്നങ്ങൾ മനസ്സിലാക്കൽ | ജൂൺ | ക്ലാസ്ടീച്ചർ<br>രക്ഷിതാവ് | -<br>- |
| 2 | മറ്റുകുട്ടികൾക്കൊപ്പം പ്രവർത്തനങ്ങളിൽ സ്ഥാനമില്ലാത്തവസ്ഥ | കുട്ടികളുടെ മാനസികവും ശാരീരികവും അക്കാദമികവുമായ കഴിവുകൾ വികസിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും | I to V | ദിനാചരണങ്ങൾ കലാ, കായിക പ്രവൃത്തിപരിചയ മേളകളിൽ മറ്റു കുട്ടികളോടൊപ്പം പങ്കെടുപ്പിക്കൽ | ജൂൺ<br>മാർച്ച് | ക്ലാസ്ടീച്ചർ | 1000 /- |

| ക്രമ നമ്പർ | പാഠ്യേതര പ്രവർത്തനം | ലക്ഷ്യം | ക്ലാസ് വിഭാഗം | പഠനപ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|---|
| 3 | | അവസരസമത്വം അധികാരം നൽകുന്നതിന്. | | അസംബ്ലിയിൽ അഭിനന്ദിക്കൽ<br>നേതൃസ്ഥാനം നൽകൽ<br>പ്രോത്സാഹിപ്പിക്കൽ | | | |
| | | കുട്ടികളുടെ പഠനം ഫലപ്രദമാക്കുന്നതിലൂടെ പഠനോപകരണ നിർമ്മാണം | I to V | ക്ലാസിന്റെ നിലവാരത്തിനനുസരിച്ച് പഠനോപകരണനിർമ്മാണം ചിത്രം, മോഡലുകൾ ചാർട്ട് [വീട്, വാഹനങ്ങൾ പഴം ചിത്രങ്ങൾ) | ജൂൺ മാർച്ച് | ക്ലാസ്ടീച്ചർ SRG | 1000/- |
| 4. | ആശയവിനിമയം നടത്താൻ പ്രോത്സാഹനം | സ്വതന്ത്രമായി ആശയവിനിമയം നടത്താൻ പ്രോത്സാഹിപ്പിക്കുന്നു. | I to V | ഇഷ്ടപ്പെട്ട വിഷയങ്ങൾ അമ്മ, വീട്, സ്കൂൾ മഴ എന്നീ കാര്യങ്ങളെ കുറിച്ച് ചോദ്യങ്ങൾ ചോദിച്ച് ആശയ | | | |

| ക്രമ നമ്പർ | പശ്ചാത്തലം പ്രവർത്തനം | ലക്ഷ്യം | ടാർഗറ്റ് ഗ്രൂപ്പ് ക്ലാസ് വിഭാഗം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|---|
| | | | | വിദ്യാലയത്തിലെത്തിക്കുന്നു (ജീവികൾ പക്ഷികൾ, വസ്തുക്കൾ എന്നിവയെ കുറിച്ച് ചിത്രങ്ങൾ കാണിച്ച്) | ജൂൺ to മാർച്ച് | ക്ലാസ് ടീച്ചർ | 500/- |
| | | ലളിതമായ പദങ്ങളും ഉപയോഗപ്പെടുത്തി അവയുടെ ലേഖനം സംഖ്യാബോധം എന്നിവയിലെത്തിക്കൽ | I to V | വസ്തുക്കൾ എണ്ണി നോക്കൽ, അവയുടെ എണ്ണം പറയൽ സംഭാഷണം നടത്തൽ വാക്യങ്ങളിൽ നിന്ന് പദങ്ങൾ, അക്ഷരങ്ങൾ കണ്ടെത്തുന്നു | ജൂൺ to മാർച്ച് | " | 1000/- |

| ക്രമ നമ്പർ | പശ്ചാത്തലം പഠനനേട്ടം | ലക്ഷ്യം | ടാർഗറ്റ് ഗ്രൂപ്പ് ക്ലാസ് വിഭാഗം | പ്രവർത്തനങ്ങൾ | | | |
|---|---|---|---|---|---|---|---|
| 5 | | പ്രത്യേകപരി ഗണനനൽകി കൊണ്ടുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യൽ | I to V | മൂല്യനിർണ്ണയം നട ത്തിൻ പ്രത്യേക [illegible] അഭിനന്ദിക്കൽ സ്വന്തമായി കാര്യങ്ങൾ ചെയ്യൽ, ICT സാധ്യത പ്രയോജനപ്പെടു ത്തൽ | ജൂൺ മാർച്ച് | ക്ലാസ്ടീച്ചർ SRG | 1000/- |